കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ.151/2025 തിരുവനന്തപുരം, തീയതി: 09.07.2025

# പത്രക്കുറിപ്പ്

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ പഠന ഗവേഷണ വകുപ്പുകളിൽ 2025-2026 അധ്യയന വർഷത്തിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗം കുട്ടികൾക്കായുള്ള ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിൽ പ്രസ്തുത വിഭാഗത്തിൽപെട്ട കുട്ടികൾക്ക് പ്രവേശനം നേടുന്നതിനായി സ്പോട്ട് അഡ്മിഷൻ 2025 ജൂലൈ 10 (വ്യാഴാഴ്ച) രാവിലെ 11 മണിക്ക് അതാതു പഠനവകുപ്പുകളിൽ വച്ച് നടക്കുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം നിശ്ചയിച്ച സമയത്ത് അതാതു പഠനവകുപ്പുകളിൽ ഹാജരാകേണ്ടതാണ്. ഒഴിവുള്ള പ്രോഗ്രാമുകളെ കുറിച്ചും, ഒഴിവുകളുടെ എണ്ണം അറിയുന്നതിനായി ഈ ലിങ്ക് സന്ദർശിക്കുക [https://admissions.keralauniversity.ac.in/css2025/]. വിശദ വിവരങ്ങൾക്ക് ഫോൺ: 0471-2308328, 9188526674, ഇമെയിൽ: csspghelp2025@gmail.com

## ബി.എഡ് പ്രവേശനം 2025 -26

## ബിഎഡ് എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്കുള്ള അഡ്മിഷൻ ജൂലൈ 10 ന്.

കേരളസർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എഡ് കോളേജുകളിലെ (എയ്ഡഡ്) കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള അതാത് കമ്മ്യൂണിറ്റിയിലെ യോഗ്യരായ വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സർവകലാശാല അഡ്മിഷൻ പോർട്ടലിൽ പ്രസിദ്ധീകരിച്ചു. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ പ്രക്രിയ നടത്തുന്നത്. വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും മറ്റ്

അനുബന്ധരേഖകളും (പ്രൊഫൈലിൽ അവകാശപ്പെട്ടിട്ടുള്ള എല്ലാ യോഗ്യതകളും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ) സഹിതം ജൂലൈ 10 ന് 12 മണിക്ക് മുൻപായി അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ് അല്ലാത്തപക്ഷം കമ്മ്യൂണിറ്റി ക്വാട്ട അഡ്മിഷൻ പ്രക്രിയയിൽ നിന്ന് പുറത്താവുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)


**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**